# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1732

17-06-2013 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണിജോസഫ് :<br>ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി.റ്റി.ബൽറാം : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) | എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി, വകുപ്പിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി, എക്സൈസ് വകുപ്പിലെ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പഠിക്കുന്നതിനും URS (User Requirement Specification) - ഉം FRS (Functional Requirement Specification) - ഉം തയ്യാറാക്കുന്നതിനും, ടി വിഷയത്തിൽ സമഗ്രമായ ഒരു പ്രൊപ്പോസൽ നൽകി ടി പ്രോജക്റ്റ് ഏറ്റെടുത്ത് നടത്തുവാനും, കേരളാ സ്റ്റേറ്റ് ഐ.ടി.മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിന് കീഴിൽ വരുന്ന വിവിധ നികുതിയിനങ്ങളും, ലൈസൻസ് ഫീസുകളും സമാഹരിക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുവാനായി തുക നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; | ബി) | കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുവാനായി പ്രത്യേകിച്ച് തുക നീക്കിവച്ചിട്ടില്ല. 2013 -14 വർഷത്തെ നോൺ-പ്ലാൻ ഫണ്ടിൽ എക്സൈസ് വകുപ്പിന് അനുവദിച്ചിട്ടുള്ള 2.75 കോടി രൂപയിൽ ഉൾപ്പെടുത്തിയാണ് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി) സുതാര്യത ഉറപ്പാക്കുന്നതിനും ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനുമായി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) | സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ